**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1480** — **15/06/2012-ൽ മറുപടിക്ക്**

**തദ്ദേശ ഭരണസ്ഥാപനങ്ങൾക്കായുള്ള ജില്ലാതല ട്രിബ്യൂണൽ**

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. കെ.എൻ.എ. ഖാദർ** | | **ഡോ. എം. കെ. മുനീർ**<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |
| (എ) തദ്ദേശ ഭരണസ്ഥാപനങ്ങൾക്കായുള്ള ജില്ലാതല ട്രിബ്യൂണൽ എല്ലാ ജില്ലകളിലും സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ആയത് സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;<br><br>(ബി) ഇപ്പോൾ തിരുവനന്തപുരത്തു മാത്രമാണ് ട്രിബ്യൂണൽ പ്രവർത്തിക്കുന്നതെന്നതിനാൽ കേരളത്തിലെ മറ്റ് ജില്ലകളിൽ നിന്നുള്ളവർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ;<br><br>(സി) എല്ലാ ജില്ലകളിലും ട്രിബ്യൂണൽ സ്ഥാപിയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ)<br>(ബി)<br>&<br>(സി) | തദ്ദേശ ഭരണസ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്നതുമൂലം മറ്റു പ്രദേശങ്ങളിലെ പ്രത്യേകിച്ചും ഉത്തരകേരളത്തിലെ ജനങ്ങൾക്ക് ബുദ്ധിമുട്ട് നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉത്തര കേരളത്തിലെ ജനങ്ങളുടെ ബുദ്ധിമുട്ടിന് ഒരു പരിഹാരമെന്ന നിലയിൽ കോഴിക്കോട് കേന്ദ്രമാക്കി ട്രൈബ്യൂണലിന്റെ ക്യാമ്പ് സിറ്റിംഗ് അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിനാവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലും ട്രിബ്യൂണൽ സ്ഥാപിക്കണമെന്ന നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) കോഴിക്കോട് ഒരു ട്രിബ്യൂണൽ അടിയന്തിരമായി സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;<br><br>(ഇ) പ്രസ്തുത വിഷയത്തിൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ? | (ഡി)<br>&<br>(ഇ) | കോഴിക്കോട് കേന്ദ്രമാക്കി ട്രിബ്യൂണൽ സ്ഥാപിക്കണമെന്ന നിർദ്ദേശം സർക്കാർ പരിശോധിച്ചുവരികയാണ്. |

**സെക്ഷൻ ഓഫീസർ**